**മധുരമായ കുട്ടികളേ– കോമളമാകുന്നതും ദേഹാഭിമാനമാണ്, വിഷമിക്കുക, കരയുക എന്നിങ്ങനെയുള്ള ആസുരീയ സംസ്ക്കാരങ്ങൾ നിങ്ങൾ കുട്ടികളിൽ ഉണ്ടാവാൻ പാടില്ല, സുഖം–ദുഃഖം, മാനം–അപമാനം എല്ലാം സഹിക്കണം.**

**ചോദ്യം–** സേവനത്തിൽ തണുത്തുപോകുന്നതിനുള്ള മുഖ്യമായ കാരണം എന്താണ്?
**ഉത്തരം–** ദേഹാഭിമാനം കാരണം പരസ്പരം കുറവുകൾ കാണാൻ തുടങ്ങുമ്പോൾ സേവനത്തിൽ തണുത്തുപോകും. പരസ്പരം ചേർന്നുപോകാത്തതും ദേഹാഭിമാനമാണ്. എനിക്ക് ഇന്നയാളിന്റെ കൂടെ പോകാൻ പറ്റില്ല, എനിക്ക് ഈ സ്ഥലത്ത് താമസിക്കാൻ പറ്റില്ല........... ഇതെല്ലാം കോമളതയാണ്. ഈ വാക്കുകൾ മുഖത്തിൽ നിന്നും വരുക അർത്ഥം മുള്ളായി മാറുക, ആജ്ഞയെ ലംഘിക്കുന്നവരായി മാറുക എന്നതാണ്. ബാബ പറയുന്നു കുട്ടികളേ, നിങ്ങൾ ആത്മീയ സൈന്യമാണ് അതിനാൽ ആജ്ഞ ലഭിച്ചാൽ ഉടൻ ഹാജരാവണം. ഒരു കാര്യത്തിലും കേട്ടില്ലെന്ന് നടിക്കരുത്.

**ഓം ശാന്തി**. ആത്മീയ അച്ഛൻ ഇരുന്ന് ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്. കുട്ടികൾക്ക് ആദ്യമാദ്യം ഈ പഠിപ്പാണ് ലഭിക്കുന്നത് അതായത് ആദ്യം സ്വയം ആത്മാവാണെന്ന് നിശ്ചയിക്കൂ. ദേഹാഭിമാനത്തെ ഉപേക്ഷിച്ച് ദേഹീ അഭിമാനിയായി മാറണം. ഞാൻ ആത്മാവാണ്, ദേഹീ അഭിമാനിയായി മാറിയാലേ ബാബയെ ഓർമ്മിക്കാൻ സാധിക്കൂ. അത് അജ്ഞാനകാലമാണ്. ഇതാണ് ജ്ഞാനകാലം. ജ്ഞാനം നൽകുന്നത് ഒരേയൊരു ബാബയാണ് . സർവ്വരുടേയും സദ്ഗതി ദാതാവുമാണ്. മാത്രമല്ല ബാബ നിരാകാരനാണ് അർത്ഥം ഒരു മനുഷ്യ രൂപമില്ല. ആർക്ക് മനുഷ്യരൂപമുണ്ടോ അവരെ ഭഗവാൻ എന്ന് പറയാൻ സാധിക്കില്ല. ഇപ്പോൾ ആത്മാക്കൾ എല്ലാവരും നിരാകാരിയാണ്. പക്ഷേ ദേഹാഭിമാനത്തിലേയ്ക്ക് വന്നതിനാൽ സ്വയം ആത്മാവാണ് എന്ന കാര്യം മറന്നു പോയി. ഇപ്പോൾ ബാബ പറയുന്നു നിങ്ങൾക്ക് തിരിച്ചു പോകണം. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ, ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ എങ്കിൽ ജന്മ ജന്മാന്തരങ്ങളിലെ പാപം ഇല്ലാതാകും, മറ്റൊരു ഉപായവുമില്ല. ആത്മാവു തന്നെയാണ് പതിതമായും പാവനമായും മാറുന്നത്. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് പാവനമായ ആത്മാക്കൾ സത്യ ത്രേതായുഗങ്ങളിലാണുള്ളത്. പിന്നീട് രാവണരാജ്യത്തിൽ പതിത ആത്മാവായി മാറുന്നു. ഏണിപ്പടിയിലും മനസ്സിലാക്കി തന്നിട്ടുണ്ട് ആരാണോ പാവനമായിരുന്നത് അവർ തന്നെയാണ് പതിതമായി മാറുന്നത്. 5000 വർഷങ്ങൾക്ക് മുമ്പ് നിങ്ങൾ മുഴുവൻ ആത്മാക്കളും ശാന്തിധാമത്തിൽ പാവനമായിരുന്നു. അതിനെയാണ് നിർവ്വാണധാമം എന്ന് പറയുന്നത്. പിന്നീട് കലിയുഗത്തിൽ പതിതമായി മാറുമ്പോൾ നിലവിളിക്കുന്നു– അല്ലയോ പതിതപാവനാ വരൂ. ബാബ മനസ്സിലാക്കിത്തരുന്നു– കുട്ടികളേ, പതിതത്തിൽ നിന്നും പാവനമായി മാറുന്നതിനായി ഞാൻ നിങ്ങൾക്ക് എന്ത് ജ്ഞാനമാണോ നൽകുന്നത്, അത് എനിക്ക് മാത്രമേ നൽകാൻ കഴിയൂ പിന്നീട് അത് പ്രായലോപമായിപ്പോകുന്നു. ബാബയ്ക്ക് വന്ന് കേൾപ്പിക്കേണ്ടി വരുന്നു. ഇവിടെ മനുഷ്യർ ഒരുപാട് ശാസ്ത്രങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. സത്യയുഗത്തിൽ ഒരു ശാസ്ത്രവും ഉണ്ടാക്കില്ല. അവിടെ ഭക്തിമാർഗ്ഗത്തിന്റെ അംശം പോലും ഉണ്ടാകില്ല.

ഇപ്പോൾ ബാബ പറയുന്നു നിങ്ങൾക്ക് എന്നിലൂടെയേ പതിതത്തിൽ നിന്നും പാവനമായി മാറാൻ സാധിക്കൂ. പാവനമായ ലോകം തീർച്ചയായും ഉണ്ടാവുക തന്നെ വേണം. ഞാൻ വന്ന് നിങ്ങൾ കുട്ടികളെ തന്നെയാണ് രാജയോഗം പഠിപ്പിക്കുന്നത്. ദൈവീക ഗുണങ്ങളും ധാരണ ചെയ്യണം. വിഷമിക്കുക, കരയുക എന്നിവയെല്ലാം ആസുരീയ സ്വഭാവങ്ങളാണ്. ബാബ പറയുന്നു സുഖം–ദുഃഖം, മാനം– അപമാനം എന്നിവയെല്ലാം കുട്ടികൾ സഹിക്കണം. കോമളമായി മാറരുത്. എനിക്ക് ഈ സ്ഥലത്ത് താമസിക്കാൻ പറ്റില്ല, ഇതും കോമളതയാണ്. ഇവരുടെ സ്വഭാവം ഇങ്ങനെയാണ്, അവർ അങ്ങനെയാണ്, ഇങ്ങനെയാണ്, ഇതൊന്നും ഉണ്ടാകരുത്. മുഖത്തിൽ നിന്നും സദാ പുഷ്പങ്ങൾ വരണം. മുള്ള് വരരുത്. ഒരുപാട് കുട്ടികളിൽ നിന്ന് മുള്ളുകൾ വളരെ അധികം വരുന്നുണ്ട്. ആരോടെങ്കിലും ദേഷ്യപ്പെടുന്നതും മുള്ളാണ്. പരസ്പരം കുട്ടികളിൽ ചേർച്ചയില്ലായ്മ ഒരുപാട് ഉണ്ടാകുന്നു. ദേഹാഭിമാനം കാരണം പരസ്പരം കുറവുകൾ കാണുന്നു അതിനാൽ സ്വയം തന്നിൽ തന്നെ അനേകം കുറവുകൾ ഉണ്ടാകുന്നു, പിന്നീട് സേവനത്തിൽ തണുത്തു പോകുന്നു. ബാബ മനസ്സിലാക്കിത്തരുന്നു– ഇതും ഡ്രാമ അനുസരിച്ച് നടക്കുന്നതാണ്. നേരെയാവുകയും വേണം. മിലിറ്ററിക്കാർ യുദ്ധത്തിന് പോകുമ്പോൾ അവരുടെ ജോലി തന്നെ ശത്രുവുമായി യുദ്ധം ചെയ്യുക എന്നതാണ്. വെള്ളപ്പൊക്കം ഉണ്ടാകുമ്പോൾ അല്ലെങ്കിൽ എന്തെങ്കിലും ലഹളകൾ ഉണ്ടാകുമ്പോൾ മിലിറ്ററിക്കാരെ വിളിക്കുന്നു. പിന്നീട് മിലിറ്ററിക്കാർക്ക് തൊഴിലാളികളുടെ ജോലിയും ചെയ്യേണ്ടതായി വരും. ഈ മണ്ണ് മുഴുവൻ നിറയ്ക്കൂ എന്ന് ഗവൺമെന്റ് മിലിറ്ററിയ്ക്ക് ആജ്ഞ നൽകും.

അഥവാ ആരും വന്നില്ലെങ്കിൽ വെടിയുണ്ടയ്ക്ക് മുന്നിലാവും. ഗവൺമെന്റിന്റെ ഓർഡർ അനുസരിക്കുക തന്നെ വേണമല്ലോ. ബാബ പറയുന്നു നിങ്ങളും സേവനം ചെയ്യുന്നതിന് ബാധ്യസ്ഥരാണ്. ബാബ എവിടെ സേവനം ചെയ്യാൻ പറയുന്നുവോ അവിടെ പെട്ടെന്ന് ഹാജരാവണം. അനുസരിച്ചില്ലെങ്കിൽ മിലിറ്ററി എന്ന് പറയില്ല. അവർക്ക് പിന്നീട് ഹൃദയത്തിൽ കയറാൻ കഴിയില്ല. എല്ലാവർക്കും സന്ദേശം നൽകുന്ന കാര്യത്തിൽ നിങ്ങൾ ബാബയുടെ സഹായികളാണ്. മനസ്സിലാക്കൂ ഇപ്പോൾ വലിയ മ്യൂസിയം തുറക്കുകയാണ്, 10 മൈൽ ദൂരെയാണെങ്കിലും, സേവനം ചെയ്യാൻ പോകേണ്ടിവരും. ചിലവിന്റെ കാര്യം ചിന്തിക്കേണ്ടതില്ല. വലുതിലും വലിയ ഗവൺമെന്റായ പരിധിയില്ലാത്ത അച്ഛന്റെ ഓർഡറാണ് ലഭിക്കുന്നത്. ബാബയുടെ വലം കൈ ധർമ്മരാജനാണ്. ബാബയുടെ ശ്രീമതം അനുസരിച്ച് നടക്കുന്നില്ലെങ്കിൽ പിന്നീട് വീണുപോകുന്നു. ശ്രീമതം പറയുന്നു തന്റെ കണ്ണുകളെ സിവിലാക്കി മാറ്റൂ. കാമത്തിനുമേൽ വിജയം നേടുന്നതിനുള്ള ധൈര്യം ഉണ്ടാവണം. ബാബയുടെ ആജ്ഞയാണ്, അഥവാ ഇത് നാം അനുസരിക്കുന്നില്ലെങ്കിൽ തവിടുപൊടിയാവും. 21 ജന്മത്തേയ്ക്കുള്ള രാജധാനി നഷ്ടമാകും. ബാബ പറയുന്നു കുട്ടികൾക്കല്ലാതെ മറ്റാർക്കും ഒരിയ്ക്കലും എന്നെ അറിയാൻ കഴിയില്ല. കല്പം മുമ്പുള്ളവർ തന്നെയാണ് പതുക്കെ പതുക്കെ വരുക. ഇത് തീർത്തും പുതിയ പുതിയ കാര്യങ്ങളാണ്. ഇത് ഗീതാ യുഗമാണ്. പക്ഷേ ശാസ്ത്രങ്ങളിൽ ഈ സംഗമയുഗത്തിന്റെ വർണ്ണനയില്ല. ഗീതയെപ്പോലും ദ്വാപരത്തിലേയ്ക്ക് കൊണ്ടുപോയി. പക്ഷേ എപ്പോൾ രാജയോഗം പഠിപ്പിച്ചോ അത് തീർച്ചയായും സംഗമമായിരിക്കില്ലേ. പക്ഷേ ആരുടെ ബുദ്ധിയിലും ഈ കാര്യങ്ങളില്ല. ഇപ്പോൾ നിങ്ങൾക്ക് ജ്ഞാനത്തിന്റെ ലഹരി കയറിയിരിക്കുന്നു. മനുഷ്യർക്കാണെങ്കിൽ ഭക്തിയുടെ ലഹരിയാണ്. ഭഗവാൻ വന്നാൽ പോലും ഞങ്ങൾ ഭക്തി വിടില്ല എന്നാണ് പറയുന്നത്. ഈ വീഴ്ച്ചയുടേയും ഉയർച്ചയുടേയും ഏണിപ്പടി വളരെ നല്ലതാണ്, എന്നിട്ടും മനുഷ്യരുടെ കണ്ണ് തുറക്കുന്നില്ല. മായയുടെ ലഹരിയിൽ തീർത്തും തവിടുപൊടിയായിരിക്കുന്നു. ജ്ഞാനത്തിന്റെ ലഹരി വളരെ പതുക്കെയാണ് ഉയരുന്നത്. ആദ്യം ദൈവീക ഗുണങ്ങളും ആവശ്യമാണ്. ബാബയുടെ ആജ്ഞകൾ എന്തെങ്കിലും കേൾക്കുമ്പോൾ അത് കേട്ടില്ലെന്ന് നടിക്കരുത്. ഇത് എനിക്ക് ചെയ്യാൻ കഴിയില്ല, ഇതിനെയാണ് ആജ്ഞയെ ലംഘിക്കുക എന്ന് പറയുന്നത്. ശ്രീമതം ലഭിക്കുന്നു ഇങ്ങനെ ഇങ്ങനെ ചെയ്യണമെന്ന് എങ്കിൽ മനസ്സിലാക്കണം ഇത് ശിവബാബയുടെ ശ്രേഷ്ഠ മതമാണ്. ബാബ തന്നെയാണ് സദ്ഗതി ദാതാവ്. ദാതാവ് ഒരിയ്ക്കലും തലതിരിഞ്ഞ മതം നൽകില്ല. ബാബ പറയുന്നു ഞാൻ ഇവരുടെ വളരെ അധികം ജന്മങ്ങളുടെ അന്തിമ ജന്മത്തിലാണ് പ്രവേശിക്കുന്നത്. നോക്കൂ, ലക്ഷ്മീ ഇവരിലും ഉയരത്തിലാണ് പോകുന്നത്. പാട്ടുമുണ്ട്– സ്ത്രീകളെ മുന്നിൽ വെയ്ക്കണം. ആദ്യം ലക്ഷ്മി പിന്നീടാണ് നാരായണൻ, എങ്ങനെയാണോ രാജാവും റാണിയും അതുപോലെയാണ് പ്രജകൾ. നിങ്ങൾക്കും ഇതുപോലെ ശ്രേഷ്ഠമായി മാറണം. ആ സമയത്താണെങ്കിൽ മുഴുവൻ ലോകവും രാവണ രാജ്യമാണ്. എല്ലാവരും പറയുന്നു രാമരാജ്യം വേണം. ഇപ്പോൾ സംഗമമാണ്. എപ്പോഴാണോ ഈ ലക്ഷ്മീ നാരായണന്റെ രാജ്യമുണ്ടായിരുന്നത് അപ്പോൾ രാവണരാജ്യം ഉണ്ടായിരുന്നില്ല, പിന്നീട് എങ്ങനെയാണ് മാറുന്നത്, ഇത് ആർക്കും അറിയില്ല. എല്ലാവരും ഘോരാന്ധകാരത്തിലാണ്. കലിയുഗം ഇപ്പോഴും ചെറിയ കുട്ടിയാണ്, മുട്ടിന് ഇഴയുകയാണ്– എന്നാണ് കരുതുന്നത്. അതിനാൽ മനുഷ്യർ വീണ്ടും ഉറക്കത്തിലേയ്ക്ക് പോയിരിക്കയാണ്. ഈ ആത്മീയ ജ്ഞാനം, ആത്മീയ അച്ഛൻ തന്നെയാണ് ആത്മാക്കൾക്ക് നൽകുന്നത്, രാജയോഗവും പഠിപ്പിക്കുന്നു. കൃഷ്ണനെ ആത്മീയ അച്ഛൻ എന്ന് പറയില്ല. കൃഷ്ണൻ ഒരിയ്ക്കലും അല്ലയോ ആത്മീയ കുട്ടികളേ എന്ന് വിളിക്കില്ല. ഇതും എഴുതണം– നോളേജ്ഫുള്ളായ ആത്മീയ അച്ഛൻ ആത്മീയ ജ്ഞാനം ആത്മീയ കുട്ടികൾക്ക് നൽകുകയാണ്.

ബാബ മനസ്സിലാക്കിത്തരുന്നു– ലോകത്തിലെ മുഴുവൻ മനുഷ്യരും ദേഹാഭിമാനികളാണ്. ഞാൻ ആത്മാവാണ്, എന്നത് ആർക്കും അറിയില്ല. ബാബ പറയുന്നു ആരുടേയും ആത്മാവ് അലിഞ്ഞുപോകില്ല. ദസറ, ദീപാവലി എന്നിവയെല്ലാം എന്താണ് എന്നത് ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു. മനുഷ്യർ എന്തെല്ലാം പൂജകൾ ചെയ്യുന്നുണ്ടോ അതെല്ലാം അന്ധവിശ്വാസമാണ്, ഇതിനെ പാവകളുടെ പൂജ, കല്ലിന്റെ പൂജ എന്നാണ് പറയുന്നത്. ഇപ്പോൾ നിങ്ങൾ പവിഴബുദ്ധിയാവുകയാണ് അതിനാൽ കല്ലിനെ നിങ്ങൾക്ക് പൂജിക്കാൻ സാധിക്കില്ല. ചിത്രങ്ങൾക്ക് മുന്നിൽ ചെന്ന് കുമ്പിടുന്നു. ഒന്നും മനസ്സിലാക്കുന്നില്ല. ജ്ഞാനം, ഭക്തി പിന്നെ വൈരാഗ്യം എന്ന് പറയാറുണ്ട്. ജ്ഞാനം അരകല്പം നടന്നു പിന്നീട് ഭക്തി ആരംഭിച്ചു. ഇപ്പോൾ നിങ്ങൾക്ക് ജ്ഞാനം ലഭിക്കുന്നു അതിനാൽ ഭക്തിയോട് വൈരാഗ്യം ഉണ്ടാകണം. ഈ ലോകംതന്നെ മാറും. കലിയുഗത്തിൽ ഭക്തിയാണ്. സത്യയുഗത്തിൽ ഭക്തിയുണ്ടാകില്ല. അവിടെ പൂജ്യരാണ്. ബാബ പറയുന്നു– കുട്ടികളേ, നിങ്ങൾ തലകുമ്പിടുന്നത് എന്തിനാണ്. അരകല്പം നിങ്ങൾ തല കുമ്പിട്ടു, പൈസയും നഷ്ടപ്പെടുത്തി, എന്നിട്ട് ഒന്നും കിട്ടിയില്ല. മായ തീർത്തും തലതിരിഞ്ഞവരാക്കി. കല്ലാക്കി മാറ്റി. പിന്നീട് ബാബ വന്ന് എല്ലാവരുടേയും തലയെ ശരിയാക്കുന്നു. ഇപ്പോൾ പതുക്കെ പതുക്കെ കുറച്ച് യൂറോപ്പിയൻമാരും മനസ്സിലാക്കുന്നുണ്ട്. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്– ഈ ഭാരതവാസികൾ തീർത്തും

തമോഗുണിയായി മാറിയിരിക്കുന്നു. ബാക്കി ധർമ്മത്തിലുള്ളവർ കുറച്ചുകൂടി പിന്നാലെയാണ് വരുന്നത് അതിനാൽ സുഖവും കുറച്ച്, ദുഃഖവും കുറച്ച് കിട്ടുന്നു. ഭാരതവാസികൾക്ക് സുഖം കൂടുതലാണ് അതു പോലെ ദുഃഖവും കൂടുതലാണ്. ആരംഭത്തിലും പൂർണ്ണമായും ധനവാനും വിശ്വത്തിന്റെ തന്നെ അധികാരിയുമായിരിക്കും. മറ്റു ധർമ്മത്തിലുള്ളവർ ആരംഭത്തിൽ ഇത്രയും ധനവാനായിരിക്കില്ല. പിന്നാലെ വന്ന് പതുക്കെ പതുക്കെ വൃദ്ധി നേടി ഇപ്പോഴാണ് ധനവാനായത്. ഇപ്പോൾ വീണ്ടും ഏറ്റവും വലിയ യാചകരായതും ഭാരതമാണ്. ഭാരതവാസികൾ തന്നെയാണ് അന്ധവിശ്വാസികളും. ഇതും ഡ്രാമയിൽ നിശ്ചിതമാണ്. ബാബ പറയുന്നു ഞാൻ എന്തിനെ സ്വർഗ്ഗമാക്കിയോ അത് ഇപ്പോൾ നരകമായിരിക്കുന്നു. മനുഷ്യർ കുരങ്ങ് ബുദ്ധിയായിരിക്കുന്നു, അവരെ ഞാൻ വന്ന് ക്ഷേത്രത്തിന് യോഗ്യരാക്കി മാറ്റുന്നു. വികാരം വളരെ കടുത്തതാണ്. ക്രോധം എത്രയാണ്. നിങ്ങളിൽ ക്രോധം ഒട്ടും ഉണ്ടാവരുത്. തീർത്തും മധുരം, ശാന്തം, അതി മധുരമാവണം. രാജ്യ പദവി നേടുന്നവർ കോടികളിലും ചിലരേ വരൂ. ബാബ പറയുന്നു നിങ്ങളെ നരനിൽ നിന്നും നാരായണനാക്കി മാറ്റാൻ ഞാൻ വന്നിരിക്കുന്നു. അതിലും 8 രത്നമാണ് മുഖ്യമായും മഹിമയുള്ളത്. 8 രത്നങ്ങളും നടുവിൽ ബാബയും. 8 പേരാണ് പദവിയോടെ പാസാവുന്നത് അതും നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച്. ദേഹാഭിമാനത്തെ മുറിക്കാൻ വളരെ അധികം പരിശ്രമിക്കേണ്ടതായി വരുന്നു. ദേഹത്തിന്റെ അഭിമാനം പൂർണ്ണമായും ഇല്ലാതാകണം. ആരാണോ പക്കാ ബ്രഹ്മജ്ഞാനികൾ അവർക്കും ഇങ്ങനെ സംഭവിക്കാറുണ്ട്. ഇരുന്ന ഇരുപ്പിൽ ശരീരത്തെ ത്യാഗം ചെയ്യുന്നു. ഇരുന്ന ഇരുപ്പിൽ ശരീരം ഉപേക്ഷിക്കുന്നു, വായുമണ്ഡലം പൂർണ്ണമായും ശാന്തമായിരിക്കും മാത്രമല്ല സാധാരണയായി പ്രഭാതത്തിലെ ശുദ്ധമായ സമയത്താണ് ശരീരം ഉപേക്ഷിക്കുന്നത്. രാത്രിയിൽ മനുഷ്യർ വളരെ അധികം മോശമായ കാര്യങ്ങൾ ചെയ്യുന്നു, രാവിലെ കുളികഴിഞ്ഞ് ഭഗവാനേ ഭഗവാനേ എന്ന് വിളിക്കാൻ തുടങ്ങും. പൂജ ചെയ്യുന്നു. ബാബ എല്ലാ കാര്യങ്ങളും മനസ്സിലാക്കിത്തരുന്നു. പ്രദർശിനികളിലും നിങ്ങൾ ആദ്യമാദ്യം അല്ലാഹുവിന്റെ പരിചയം നൽകൂ. ആദ്യം അല്ലാഹു പിന്നെ സമ്പത്ത്. ബാബ ഒരേയൊരു നിരാകാരനാണ്. ബാബ രചയിതാവാണ് ഇരുന്ന് രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം കേൾപ്പിക്കുന്നു. അതേ ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ. ദേഹത്തിന്റെ സംബന്ധങ്ങളെ ഉപേക്ഷിച്ച് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി എന്നെ മാത്രം ഓർമ്മിക്കൂ. ബാബയുടെ പരിചയം നിങ്ങൾ നൽകിക്കഴിഞ്ഞാൽ പിന്നെ ചോദ്യം ചോദിക്കാൻ ആർക്കും ധൈര്യം ഉണ്ടാകില്ല. ആദ്യം ബാബയിൽ പക്കയാവണം അതിനുശേഷം 84 ജന്മങ്ങൾ ഇങ്ങനെയാണ് എടുക്കുന്നത് എന്നത് പറഞ്ഞുകൊടുക്കണം. ചക്രത്തെ മനസ്സിലാക്കി, ബാബയെ മനസ്സിലാക്കി എങ്കിൽ ഒരു ചോദ്യവും ഉയരില്ല. ബാബയുടെ പരിചയം നൽകാതെ നിങ്ങൾ എന്തുതന്നെ പറഞ്ഞുകൊടുത്താലും അത് നിങ്ങളുടെ സമയം വ്യർത്ഥമാക്കലാണ്. കഴുത്തു തന്നെ ഒടിഞ്ഞുപോകും. ആദ്യമാദ്യം അല്ലാഹുവിന്റെ കാര്യം എടുക്കൂ. ബാക്കി എന്തുപറഞ്ഞുകൊടുത്താലും മനസ്സിലാക്കില്ല. വളരെ സിമ്പിളായ രീതിയിൽ ഇരുന്ന് പതുക്കെ മനസ്സിലാക്കിക്കൊടുക്കണം, ആരാണോ ദേഹീ അഭിമാനികൾ അവർക്ക് നല്ലരീതിയിൽ മനസ്സിലാക്കാൻ സാധിക്കും. വലിയ വലിയ മ്യൂസിയത്തിൽ വളരെ നന്നായി മനസ്സിലാക്കിക്കൊടുക്കുന്നവർക്ക് സഹായം നൽകണം. കുറച്ച് ദിവസത്തേയ്ക്ക് തന്റെ സെന്റർ വിട്ട് സഹായിക്കാനായി വരണം. അവസാനം സെന്റർ സംരക്ഷിക്കാൻ ആരെയെങ്കിലും ഇരുത്തൂ. അഥവാ ഗദ്ദിയിൽ ഇരിക്കുന്നതിന് യോഗ്യരായി തനിക്കുസമാനമായി ആരെയെങ്കിലും മാറ്റിയില്ലെങ്കിൽ ഒരു കാര്യത്തിനും കൊള്ളില്ല, സേവനം ചെയ്യുന്നില്ല എന്ന് ബാബ മനസ്സിലാക്കും. സേവനം വിട്ട് എങ്ങനെ വരും! എന്ന് ബാബയ്ക്ക് എഴുതാറുണ്ട്. അല്ല ബാബ ആജ്ഞ നൽകുകയാണ് ഇന്ന സ്ഥലത്ത് പ്രദർശിനിയുണ്ട് അവിടെ സേവനത്തിനായി പോകൂ. അഥവാ ഗദ്ദിയിൽ ഇരിക്കുന്നതിന് യോഗ്യരാക്കി ആരെയും മാറ്റിയില്ലെങ്കിൽ പിന്നെ നിങ്ങളെക്കൊണ്ട് എന്ത് കാര്യം. ബാബ ആജ്ഞ നൽകി– പെട്ടെന്ന് ഓടിപ്പോകണം. മഹാരഥി ബ്രാഹ്മണി എന്ന് അവരെയാണ് പറയുന്നത്. ബാക്കി എല്ലാവരും കുതിര സവാരിക്കാരും കാൽനടയാത്രികരുമാണ്. എല്ലാവർക്കും സേവനത്തിൽ സഹായം നൽകണം. ഇത്രയും വർഷമായിട്ടും ആരെയും തനിക്ക് സമാനമാക്കി മാറ്റിയില്ലെങ്കിൽ പിന്നെ എന്ത് ചെയ്യുകയായിരുന്നു. സെന്റർ സംരക്ഷിക്കാൻ ഇത്രയും കാലമായിട്ടും സന്ദേശവാഹകനെ ഉണ്ടാക്കിയിട്ടില്ലേ. എങ്ങനെ എങ്ങനെയുള്ള മനുഷ്യരാണ് വരുന്നത്– അവരോട് സംസാരിക്കാനും ബുദ്ധി വേണം. മുരളിയും ദിവസവും പഠിക്കുകയും കേൾപ്പിക്കുകയും വേണം. മുരളി പഠിച്ചില്ലെങ്കിൽ അന്ന് അവധിയെടുത്തുവെന്നാണ് അർത്ഥം. നിങ്ങൾ കുട്ടികൾ മുഴുവൻ വിശ്വത്തേയും ചുറ്റിവളയണം. നിങ്ങൾ മുഴുവൻ വിശ്വത്തിന്റേയും സേവനം ചെയ്യുന്നുണ്ടല്ലോ. പതിത ലോകത്തെ പാവനമാക്കി മാറ്റുക എന്നത് നിയന്ത്രണത്തിൽ കൊണ്ടുവരുകതന്നെയാണ്. എല്ലാവർക്കും മുക്തി– ജീവന്മുക്തി ധാമത്തിലേയ്ക്കുള്ള വഴി പറഞ്ഞുകൊടുക്കണം, ദുഃഖത്തിൽ നിന്നും മോചിപ്പിക്കണം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ

കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1). വളരെ മധുരം, ശാന്തം, അതിമധുരമായ സ്വഭാവമുള്ളവരായി മാറണം. ഒരിയ്ക്കലും ക്രോധിക്കരുത്. തന്റെ കണ്ണുകളെ വളരെ വളരെ നിർവ്വികാരിയാക്കി മാറ്റണം.

2). ബാബ എന്ത് ആജ്ഞയാണോ നൽകുന്നത് അത് ഉടനെ അനുസരിക്കണം. മുഴുവൻ വിശ്വത്തേയും പതിതത്തിൽ നിന്നും പാവനമാക്കി മാറ്റുന്നതിനുള്ള സേവനം ചെയ്യണം അർത്ഥം വലയം ചെയ്യണം.

## വരദാനം:- ബാബയുടെ ഓർമ്മയിലൂടെ അസന്തുഷ്ടതയുടെ പരിതസ്ഥിതിയിലും സദാ സുഖത്തിന്റെ യും സന്തോഷത്തിന്റെയും അനുഭൂതി ചെയ്യുന്ന മഹാവീരനായി ഭവിക്കട്ടെ.

സദാ ബാബയുടെ ഓർമ്മയിലിരിക്കുന്നവർ ഓരോ പരിതസ്ഥിതിയിലും സന്തുഷ്ടരായിരിക്കുന്നു എന്തുകൊണ്ടെന്നാൽ ജ്ഞാനത്തിന്റെ ശക്തിയുടെ ആധാരത്തിൽ പർവ്വതം പോലെയുള്ള പരിതസ്ഥിതിയും കടുകുമണി പോലെയുള്ള അനുഭവം ഉണ്ടാകും, കടുക് അർത്ഥം ഒന്നുമേയല്ല. പരിതസ്ഥിതി അസന്തുഷ്ടതയുടേതാകട്ടെ, ദു:ഖത്തിന്റേതാകട്ടെ, എന്നാൽ ദു:ഖത്തിന്റെ പരിതസ്ഥിതിയിൽ സുഖത്തിന്റെ സ്ഥിതിയിലിരിക്കുക, അപ്പോൾ പറയാം മഹാവീരൻ. എന്ത് തന്നെ സംഭവിച്ചാലും ഒന്നും പുതിയതല്ല, എന്നതിനോടൊപ്പം ബാബയുടെ സ്മൃതിയിലൂടെ സദാ ഏകരസസ്ഥിതിയിലിരിക്കാൻ കഴിയുന്നു, പിന്നെ ദു:ഖ- അശാന്തിയുടെ അലകൾ പോലും വരികയില്ല.

## സ്ലോഗൻ:- തന്റെ ദൈവീക സ്വരൂപം സദാ സ്മൃതിയിലിരിക്കുമെങ്കിൽ ഏതൊരു വ്യർത്ഥവും ദൃഷ്ടിയിൽ വരില്ല.

**അവ്യക്ത സൂചനകൾ- സ്വയത്തെയും സർവ്വരെയും പ്രതി മനസാദ്വാരാ യോഗത്തിന്റെ ശക്തികളുടെ പ്രയോഗം ചെയ്യൂ.**

സയൻസിന്റെ ശക്തിയുടെ പ്രയോഗം പ്രകാശത്തിന്റെ ആധാരത്തിലാണ് നടക്കുന്നത്. കമ്പ്യൂട്ടർ പ്രവർത്തിക്കുമ്പോഴും കമ്പ്യൂട്ടർ ശക്തിയാണ് പക്ഷെ ആധാരം ലൈറ്റാണ്. അതേപോലെ താങ്കളുടെ സൈലൻസിന്റെ ശക്തിയുടെയും ആധാരം ലൈറ്റാണ്. ആ പ്രകൃതിയുടെ ലൈറ്റ് അനേക പ്രകാരത്തിലുള്ള പ്രയോഗം പ്രായോഗികമായി ചെയ്തുകാണിക്കുന്നുവെങ്കിൽ താങ്കളുടെ അവിനാശി പരമാത്മാ ലൈറ്റ്, ആത്മീയ ലൈറ്റ്, ഒപ്പം പ്രാക്റ്റിക്കൽ സ്ഥിതിയുടെ ലൈറ്റ് ഇവയിലൂടെ എന്ത് തന്നെ പ്രയോഗിക്കാൻ കഴിയില്ല!